നം.എ4-663/2019/താ.ആ.ഫോ. താലൂക്ക് ആശുപത്രി ഫോർട്ട്

തിരുവനന്തപുരം, തീയതി. 28.02.2019

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിൽ താലൂക്കാശുപത്രി ഫോർട്ടിലെ താഴെപറയുന്ന മെയിന്റനൻസ് പണികൾ നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നോ / സ്ഥാപനങ്ങളിൽ നിന്നോ മുദ്ര വച്ച ക്വട്ടേഷനുകൾ (ജിഎസ്.റ്റി. ഉൾപ്പെടെ) ക്ഷണിച്ചുകൊള്ളുന്നു.

1. പഴയ ഓപ്പറേഷൻ തിയേറ്ററിലെ ടോയ്‌ലറ്റിന്റെ മേൽക്കൂരയിലെ പ്ലാസ്റ്റർ അടന്നു വീണ്

ക്ലോസറ്റ് പൊട്ടിയതിന്റെ അറ്റകുറ്റപ്പണി.

2.എം.സി.എച്ച്.ബ്ലോക്കിലെ ലിഫ്റ്റിന്റെ പൊട്ടിയ ടൈലുകൾ മാറ്റി പുതിയ ടൈൽ പതിക്കുക.

3. സ്റ്റോറിന് സമീപമുള്ള ഷെഡിന്റെ ജനാല അടയ്ക്കുക.

4.ഒ.പി.കെട്ടിടത്തിന്റെ വെയിറ്റിംഗ് ഏരിയയിൽ വെളിച്ചം ലഭ്യമാക്കുവാൻ മേൽക്കൂരയിൽ കണ്ണാടി ഓട് ഫിറ്റ് ചെയ്യൽ, വെയിറ്റിംഗ് ഏര്യയിൽ വെള്ള പെയിന്റടിക്കൽ.

5.എം.സി.എച്ച്.ബ്ലോക്കിലെ ഇലക്ട്രിക്കൽ റൂമിലെ ചോർച്ച പരിഹരിക്കൽ

6.തറ നിരപ്പിന് താഴെ വച്ചിരിക്കുന്ന കുടിവെള്ള ടാങ്കിനു ചുറ്റും ഡ്രെയിനേജ് ബ്ലോക്ക് വരുന്ന സമയങ്ങളിൽ ഡ്രെയിനേജ് വെള്ളം കെട്ടി നിൽക്കുന്നത് ഉണ്ടാകാതിരിക്കാനുള്ള

നടപടികൾ.

7.എം.സി.എച്ച്.ബ്ലോക്കിൽ മുലയൂട്ടലിന് മുറി സജ്ജീകരിക്കൽ, ഭക്ഷണം കഴിക്കുന്നതിനുള്ള സ്ഥലം സജ്ജീകരിക്കൽ.

8.സ്റ്റോറിലെ ഇളകിയ വാതിൽ ബലമായി ഘടിപ്പിക്കുക.

9. ഡയാലിസിസിന് പുറകിൽ നിർമ്മിച്ച സ്റ്റോറിലേയ്ക്കുളള വഴിയിൽ സ്റ്റെപ്പിന് പകരം റാമ്പ് നിർമ്മിക്കുക.

10.ആഫീസ് കെട്ടിടത്തിന്റെ സ്റ്റെയർ കെയ്സിനടുത്ത് ടി.ബി. ട്രീറ്റ്മെന്റ് റൂം സജ്ജീകരിക്കുക.

**അടങ്കൽ തുക - 99900/- രൂപ (എഞ്ചിനീയറുടെ എസ്റ്റിമേറ്റ്)**

ക്വട്ടേഷനുകൾ ലഭിക്കേണ്ടുന്ന അവസാന തീയതി 20.03.2019 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണി വരെയാണ്. അന്നേദിവസം പകൽ 2 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ, അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയിരിക്കുന്ന വ്യക്തികളുടേയോ, സ്ഥാപനങ്ങളുടേയോ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

നഗരസഭാ എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പ്രവൃത്തികൾ നടത്തേണ്ടതും എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ (**measurement book** ഉൾപ്പെടെ) **അടിസ്ഥാനത്തിൽ മാത്രമേ പ്രവർത്തിയുടെ തുക നൽകുകയുള്ളൂ.**

എന്തെങ്കിലും കാരണത്താൽ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ഈ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

ഡോ.അജയ് മോഹൻ.ജി.
സൂപ്രണ്ട്

TALUK HOSPITAL
താലൂക്കാശുപത്രി
തിരുവനന്തപുരം
THIRUVANANTHAPURAM

നോട്ടീസ് ബോർഡ്

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ജില്ലാമെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം.
3. സൂപ്രണ്ട് ആഫീസ്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈയ്ക്കാട്,തിരുവനന്തപുരം
4. സൂപ്രണ്ട്, ജനറലാശുപത്രി-തിരുവനന്തപുരം
5 സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി പേരൂർക്കട.
6. ഫയൽ/കരുതൽ ഫയൽ.